**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465 | 22.03.2018 -ൽ മറുപടിക്ക്

## ഹോംസ്റ്റേകളിൽ താമസിക്കുന്ന വിദേശികളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ടി. ബൽറാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഹോം സ്റ്റേ സമ്പ്രദായം വ്യാപകമാകുന്നത് പരിഗണിച്ച് ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഹോംസ്റ്റേകൾക്ക് വിനോദസഞ്ചാര വകുപ്പ് മുഖേന ക്ലാസിഫിക്കേഷൻ നൽകി വരുന്നു. കേരളത്തിന്റെ സംസ്കാരവും, തനത് ജീവിതരീതിയും പരിചയപ്പെടുന്നതിനും, അനുഭവിച്ചറിയുന്നതിനും വേണ്ടിയാണ് ഹോം സ്റ്റേ സമ്പ്രദായം ആവിഷ്കരിച്ചിരിക്കുന്നത്. ഹോംസ്റ്റേകളിൽ കുടുംബത്തോടൊപ്പം താമസിച്ചാണ് വിനോദ സഞ്ചാരികൾ ഈ ജീവിതരീതി മനസ്സിലാക്കുന്നത്. വിദേശ സഞ്ചാരികൾ ഹോം സ്റ്റേയിൽ താമസിക്കുമ്പോൾ അവരുടെ സുരക്ഷയ്ക്കായി സി. ഫോം രജിസ്ട്രേഷൻ (ഫോറിൻ റീജിയണൽ രജിസ്ട്രേഷൻ ആഫീസ് (FRRO)) നിർബന്ധമാക്കിയിട്ടുണ്ട്. |
| ബി) ഹോംസ്റ്റേകൾ നടത്തുന്നവർക്ക് സർക്കാരിന്റെ എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | ബി) നിലവിൽ സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. എന്നാൽ ഹോംസ്റ്റേ നടത്തുന്നതിനു വേണ്ടി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ ഹോംസ്റ്റേ ഉടമസ്ഥർക്ക്, ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ